(സി) പരിശോധന ആവശ്യമായി വന്നിട്ടില്ല.

(ഡി) 2008-2013-ലെ ഓഡിറ്റ് സ്റ്റോക്ക് പെർഫോർമൻസ് റിപ്പോർട്ട് പ്രകാരം കോർപ്പറേഷൻ 92.66 കോടി രൂപയ്ക്കുള്ള 16,529 ബാച്ച് മരുന്നുകൾ (321 ഇനം മരുന്നുകൾ) നിശ്ചിത ഷെൽഫ് ലൈഫ് ഇല്ലാതെ സംഭരിക്കുകയുണ്ടായി. കോർപ്പറേഷനിൽ മരുന്നുവിതരണത്തിൽ 'ഫിഫോ' സിസ്റ്റം വേണ്ടതുപോലെ ഉപയോഗിക്കാതെ വന്നതിനാൽ 2.91 കോടി രൂപയ്ക്കുള്ള മരുന്നുകൾ കാലഹരണപ്പെട്ടതായും റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. 2008-2013 കാലയളവിൽ കോർപ്പറേഷൻ സംഭരിച്ച 47,650 ബാച്ച് മരുന്നുകളിൽ 382 ബാച്ചുമരുന്നുകൾ ഗുണനിലവാരമില്ലാത്തവയായിരുന്നു എന്ന് പരിശോധനയിൽ കണ്ടെത്തിയിരുന്നു. അതിൽ 122 ബാച്ചുമരുന്നുകൾ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ഗുണനിലവാര പരിശോധനാ റിപ്പോർട്ട് ലഭിക്കുന്നതിന് മുമ്പുതന്നെ വിതരണം ചെയ്തുകഴിഞ്ഞു. സർക്കാർ ആശുപത്രികളിലെ മരുന്നുകളുടെ ലഭ്യതയെക്കുറിച്ച് 2008-2012 കാലയളവിൽ നടത്തിയ പരിശോധനയിൽ വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലെ ആശുപത്രികളിൽ അവശ്യമരുന്നുകളുടെ ലഭ്യത മറ്റു ജില്ലകളെ അപേക്ഷിച്ച് വളരെ കുറവായിരുന്നു.

(ഇ) തൽക്കാലം പരിഗണനയിലില്ല.

മരുന്നുകളുടെ ഗുണമേന്മ പരിശോധന

122 (3556) ശ്രീ. എ. കെ. ബാലൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വാങ്ങുന്ന മരുന്നുകളുടെയും മെഡിക്കൽ സ്റ്റോറുകളിലൂടെ വിൽക്കുന്ന മരുന്നുകളുടെയും ഗുണമേന്മ പരിശോധിക്കുന്നതിന് നിലവിലെ സംവിധാനങ്ങളുടെ അപര്യാപ്തത വിലയിരുത്തിയിട്ടുണ്ടോ ;

(ബി) മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്താതെ രോഗികൾക്ക് വിതരണം ചെയ്യുന്നതുമൂലമുണ്ടാകുന്ന ഗുരുതര സാഹചര്യം ഗൗരവമായി കാണുന്നുണ്ടോ ;

(സി) സംസ്ഥാനത്തെ ഡ്രഗ്സ് ടെസ്റ്റിംഗ് സംവിധാനം നവീകരിക്കുന്നതിനും ടെസ്റ്റുകളുടെ കാലതാമസം ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

(ഡി) പൊതുമേഖലാ സ്ഥാപനമായ കേരള ഡ്രഗ്സ് &ഫാർമസ്യൂട്ടിക്കൽസ് (കെ.എസ്.ഡി.പി.) പുതുതായി സ്ഥാപിച്ച ആധുനിക സജ്ജീകരണങ്ങൾ ഇതിനായി ഉപയോഗപ്പെടുത്താൻ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻവഴി സർക്കാർ ആശുപത്രികളിൽ വിതരണത്തിനായി എത്തിക്കുന്ന എല്ലാ മരുന്നുകളുടെയും നിർമ്മാതാക്കളിൽ നിന്നും പ്രസ്തുത മരുന്നുകളുടെ ഓരോ ബാച്ചും എൻ.എ.ബി.എൽ. അക്രഡിറ്റേഷനുള്ള ലബോറട്ടറികളിൽ പരിശോധിച്ച് വിതരണം ചെയ്യാമെന്നുള്ള നിർമ്മാതാക്കളുടെ സാക്ഷ്യപത്രം ഹാജരാക്കണമെന്ന് ടെണ്ടർ വ്യവസ്ഥകളിൽ പ്രത്യേകം പ്രതിപാദിക്കുന്നുണ്ട്. പ്രസ്തുത സാക്ഷ്യപത്രം സാങ്കേതിക ഉപദേശക സമിതി പരിശോധിച്ച് ബോധ്യമായതിനുശേഷമാണ് പ്രസ്തുത മരുന്നുകൾ വിതരണം ചെയ്യുന്നതിന് തിരഞ്ഞെടുക്കുന്നതിലേയ്ക്കായി തീരുമാനിക്കപ്പെടുന്നത്. ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കീഴിൽ മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്കായി രണ്ട് ലാബുകളാണുള്ളത്. അവ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി, എറണാകുളത്തെ റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി എന്നിവയാണ്. ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ചട്ടങ്ങൾ അനുശാസിക്കുന്ന മാനദണ്ഡങ്ങൾക്കനുസൃതമായി നിർമ്മാതാക്കൾ അവർ വില്പന നടത്തുന്ന ഓരോ ബാച്ച് മരുന്നുകളും ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കി യിട്ടാണ് വിപണിയിലിറക്കുന്നത്. എന്നിരുന്നാലും ഗുണനിലവാരത്തിൽ സംശയമുള്ള മരുന്നുകളുടെ റാൻഡംസാമ്പിളുകൾ വകുപ്പ് പ്രസ്തുത ലാബുകളിൽ പരിശോധനയ്ക്ക് വിധേയ മാക്കുന്നുണ്ട്. വിപണിയിൽ ലഭ്യമായ മരുന്നുകളുടെ വളരെ കുറഞ്ഞ ശതമാനം മാത്രമേ പരിശോധന നടത്താൻ കഴിയുന്നുള്ളൂ.

(ബി) ഉണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഉപയോഗപ്പെടുത്താൻ നടപടി സ്വീകരിച്ചുവരുന്നു.

മരുന്നുകളുടെ ഗുണനിലവാര പരിശോധനയും സർട്ടിഫിക്കറ്റും

123 (3557) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാര പരിശോധന നടത്തുന്നത് ഏതെല്ലാം പരിശോധനാ കേന്ദ്രങ്ങൾ എന്നും അവയിൽ ഏതെല്ലാം സർക്കാർ ലാബുകൾ പൂർണ്ണപരിശോധനയ്ക്ക് വിധേയമാക്കാത്ത മരുന്നുകൾക്ക് ലാബ് ക്ലീൻ സർട്ടിഫിക്കറ്റ് നൽകി എന്നും വ്യക്തമാക്കുമോ ;